(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണയിലുണ്ടോ ;

(സി) പഞ്ചായത്തുകളിൽ ഇപ്പോഴത്തെ തൊഴിൽ കരം കണക്കാക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ?

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) ഉണ്ട്.
(ബി) ഉണ്ട്.

(സി) സ്ഥാപനങ്ങളെയും വ്യക്തികളെയും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 8 ആക്കി തരം തിരിച്ചു. ഓരോ വിഭാഗത്തിലും കേരള പഞ്ചായത്ത് (പ്രൊവിഷൻ ടാക്സ്) ചട്ടങ്ങളിലെ ചട്ടം 3-ൽ പറയുന്ന അർദ്ധവാർഷിക കരത്തിൽ കവിയാതെയുള്ള തുക തൊഴിൽ കരമായി പഞ്ചായത്ത് ഈടാക്കുകയാണ് ചെയ്യുന്നത്.

പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും നടത്തുന്ന ട്രാൻസ്പോർട്ട് സർവീസുകൾ

* 395. [423] ശ്രീ. ജോസ് കുറിയാനി :
,, കെ. സി. ജോസഫ് :
,, സ്റ്റീഫൻ പാടുവ :
,, കെ. എസ്. നാരായണൻ നമ്പൂതിരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ നടത്തുന്ന ട്രാൻസ്പോർട്ട് സർവീസുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഈ സർവീസുകളെപ്പറ്റി ഒരു വിലയിരുത്തൽ നടത്തുകയുണ്ടായോ ;

(സി) എല്ലാ ജില്ലകളിലും ഇവ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും പട്ടികജാതി-പട്ടികവർഗ്ഗ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) എല്ലാ ജില്ലകളിലും പട്ടികജാതി-പട്ടികവർഗ്ഗ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങൾ ബസ് സർവീസ് നടത്തുന്നുണ്ടെന്നതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ഗൾഫ് പണം

* 396. [424] ശ്രീ. കെ. പി. രാമൻ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, നാലകത്ത് സൂപ്പി :
,, പി. കെ. കെ. ബാവ :
,, സി. ടി. അഹമ്മദലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്തുന്ന ഗൾഫ് പണത്തെപ്പറ്റി സംസ്ഥാന സർക്കാരിന് എന്തെങ്കിലും കണക്കുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്ര കോടി ;

(സി) ഈ തുക സംസ്ഥാനത്തിന്റെ അഭിവൃദ്ധിക്കു ഉതകും വിധം ചെലവിടാൻ ഗൾഫ് മലയാളികളെ പ്രേരിപ്പിക്കുന്ന എന്തെങ്കിലും പദ്ധതി സംസ്ഥാനഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഉണ്ട്.

(ബി) 1983-ൽ തിരുവനന്തപുരം സെന്റർ ഫോർ ഡവലപ്പുമെന്റ് നടത്തിയ പഠനമനുസരിച്ച് 1980-81 കാലഘട്ടത്തിൽ 700 കോടിയ്ക്കും 900 കോടിരൂപയ്ക്കും ഇടയ്ക്ക് ഗൾഫ് പണം സംസ്ഥാനത്തെത്തിയിട്ടുണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

(സി) ഉണ്ട്.

(ഡി) റോം റെസിഡന്റ് ഇന്ത്യാക്കാരുടെ (എൻ. ആർ. ഐ.) നിക്ഷേപങ്ങളെ ആകർഷിക്കുന്നതിനുവേണ്ടി പൊതുമേഖലയിൽ ഒരു നോൺ ബാങ്കിംഗ് സ്ഥാപനം തുടങ്ങുവാനുള്ള നിർദ്ദേശം അനുമതിക്കായി കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചിരിക്കുകയാണ്.

കേരള മറൈൻ ഫിഷറീസ് ആക്ട്

* 397. [425] ശ്രീ. എം. വി. രാഘവൻ :
,, സി. കെ. ചക്രപാണി :
,, വി. ജെ. തങ്കപ്പൻ :
,, കെ. മൂസ്സക്കുട്ടി :
,, ടി. കെ. അബ്ദു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ മറൈൻ ഫിഷറീസ് ആക്ട് ഫലപ്രദമായി നടപ്പാക്കുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരള മറൈൻ ഫിഷറീസ് ആക്ട് കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇതുപ്രകാരം മത്സ്യ തൊഴിലാളികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) ചില പരാതികൾ ലഭിച്ചിട്ടുണ്ട്. അവയിലൊക്കെ ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(ബി) കേരളാ മറൈൻ ഫിഷറീസ് റഗുലേഷൻ ആക്ട് നടപ്പിലാക്കുന്നതിന് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന്റെ റാങ്കിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥന്റെ കീഴിൽ ഒരു പ്രത്യേക സംവിധാനം ഫിഷറീസ് വകുപ്പിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കടലിൽ പെട്രോളിംഗ് നടത്തുന്നതിനുവേണ്ടി മൂന്ന് സ്പീഡ് ബോട്ടുകളും മുപ്പത്തിരണ്ട് അടി നീളമുള്ള ആറ് യന്ത്രവത്കരണ ബോട്ടുകളും ഫിഷറീസ് വകുപ്പ് ഉപയോഗിക്കുന്നുണ്ട്. നീണ്ടകര, ആലപ്പുഴ, എറണാകുളം, ബേപ്പൂർ, അഴീക്കോട് (കണ്ണൂർ) എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ദിവസവും കടലിൽ പെട്രോളിംഗ് നടത്തുന്നുണ്ട്. ഫിഷറീസ് വകുപ്പിലെ ഗസറ്റഡ് ഉദ്യോഗസ്ഥൻമാരെ കടലിൽ പെട്രോളിംഗിന് നിയോഗിക്കുന്നു. ഇവർ നിയമം ലംഘിക്കുന്ന ബോട്ടുകൾ പിടിച്ചെടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly